(ബി) ഇതിനുവേണ്ടി 1986 മാർച്ച് മാസത്തിൽ നടന്ന പരീക്ഷയിൽ വിജയികളായ കുട്ടികളുടെ അപേക്ഷ വാങ്ങുന്ന അവസാന ദിവസം എന്നായിരുന്നു ;

(സി) ഇതിനുള്ള അപേക്ഷ നൽകുന്ന കാര്യം എല്ലാ കോളേജുകളിലും അറിയിച്ചിട്ടുണ്ടോ ;

(ഡി) ഇക്കാര്യം അറിയിച്ച കോളേജുകളിൽ തന്നെ അത് രഹസ്യമായി വച്ചു എന്നും വിവരം നോട്ടീസ് ബോർഡിൽ ഇട്ടുകൊണ്ട് എല്ലാ കുട്ടികളെയും വിവരം അറിയിച്ചില്ലെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) തിരുവനന്തപുരം വിമൻസ് കോളേജിൽ പഠിക്കുന്ന കുട്ടികൾക്ക് 50-ൽ 48 മാർക്ക് കിട്ടിയ കുട്ടികൾ അപേക്ഷയുമായി ചെന്നപ്പോൾ സമയം കഴിഞ്ഞുപോയെന്ന കാരണം പറഞ്ഞ് 48 മാർക്കിൽ കുറഞ്ഞ മാർക്ക് വാങ്ങിയ കുട്ടികൾക്ക് ഈ സ്കോളർഷിപ്പിന് അർഹത നൽകുകയും ചെയ്തിട്ടുണ്ടോ;

(എഫ്) ഈ സ്കോളർഷിപ്പിന് അപേക്ഷിക്കുവാനുള്ള തീയതി ദീർഘിപ്പിക്കുകയും അർഹതയുള്ള എല്ലാവർക്കും അപേക്ഷിക്കാൻ സൗകര്യം നൽകാൻ ദയവുണ്ടാകുമോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ അഹിന്ദി സംസ്ഥാനങ്ങളിൽ മെട്രിക്കുലേഷനു ശേഷം ഹിന്ദിയിൽ പഠനം തുടരുന്നതിന് ഇൻഡ്യ ഗവൺമെന്റ് കേരളത്തിലെ 239 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകി വരുന്നുണ്ട് ,

(ബി) മേൽ പറഞ്ഞ പദ്ധതി പ്രകാരമുള്ള സ്കോളർഷിപ്പിന് അപേക്ഷകൾ സ്വീകരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിരുന്ന അവസാന തീയതി 31-8-1986 ആയിരുന്നു. ഇത് പിന്നീട് 31-10-1986 ആയി ദീർഘിപ്പിക്കുകയുണ്ടായി. എന്നാൽ അപേക്ഷ സ്വീകരിക്കുന്നതിനുള്ള തീയതി 10-12-1986 വരെ നീട്ടുന്നതിന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട് .

(സി) ഉണ്ട് .

(ഡി) ഇല്ല .

(ഇ) ഇങ്ങനെ ഒരു പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല .

(എഫ്) കേന്ദ്ര ഗവൺമെന്റിന്റെ ഹിന്ദി സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള സമയം 10-12-1986 വരെ ദീർഘിപ്പിക്കാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട് .

## എസ്. കെ. പൊറ്റക്കാട് സ്മാരക വായനശാലയ്ക്ക് സ്ഥലം

1225. [1835] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. കെ. പൊറ്റക്കാട് സ്മാരക വായനശാലയ്ക്കുവേണ്ടി കോഴിക്കോട് സ്ഥലം അനുവദിക്കണമെന്ന് വിദ്യാഭ്യാസ വകുപ്പിനോട് ആരെങ്കിലും അപേക്ഷിച്ചിരുന്നുവോ ;

(ബി) ഉണ്ടെങ്കിൽ ആരിൽ നിന്നാണ് അപേക്ഷ ലഭിച്ചിട്ടുള്ളത് ;

(സി) അപേക്ഷയിൻമേൽ എന്തെങ്കിലും തീരുമാനം എടുത്തുവോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) റവന്യൂ വകുപ്പിന് അപേക്ഷ ലഭിച്ചിട്ടുണ്ട് .

(ബി) കോഴിക്കോട് കോർപ്പറേഷനിൽ നിന്നും .

(സി) സർക്കാരിന്റെ പരിഗണനയിൽ ഇരിക്കുകയാണ് .

തൃശ്ശൂർ ഗവൺമെന്റ് കോളേജ് കെട്ടിട നിർമ്മാണം

1226. [1836] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ഗവൺമെന്റ് കോളേജ് കെട്ടിടത്തിന് എന്നാണ് കല്ലിട്ടത് ;

(ബി) ഈ കെട്ടിടം പണിയുടെ എസ്റ്റിമേറ്റ് തയ്യാറായോ ; എങ്കിൽ അതിന്റെ എസ്റ്റിമേറ്റ് സംഖ്യ എത്രയാണ് ;

(സി) എസ്റ്റിമേറ്റിനു ഭരണവും സാങ്കേതികവുമായ അനുവാദങ്ങൾ നൽകിയോ ;

(ഡി) ഇല്ലെങ്കിൽ എന്നത്തേയ്ക്ക് നൽകാൻ കഴിയും ?

ഉത്തരം

(എ) 19-4-1985-ൽ ആണ് തൃശ്ശൂർ ഗവൺമെന്റ് കോളേജ് കെട്ടിടത്തിനുവേണ്ടി തറക്കല്ലിട്ടത് .

(ബി) എസ്റ്റിമേറ്റ് തയ്യാറായി ; എസ്റ്റിമേറ്റ് തുക 19.50 ലക്ഷം രൂപയാണ് .

(സിയും ഡിയും) നൽകിയിട്ടുണ്ട് . 27-5-1985-ലെ ഗവൺമെന്റ് ഉത്തരവ് (ആർ.ടി.) 1478/85 ഉ.വി. വകുപ്പു പ്രകാരം ഈ പണി കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് വിട്ടുകൊടുത്തിട്ടുണ്ട് ; പണി ആരംഭിക്കുന്നതിനാവശ്യമായ 4,29,430 രൂപ മൊബിലൈസേഷൻ അഡ്വാൻസ് ചീഫ് എൻജിനീയർ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകിയതായി ചീഫ് എൻജിനീയർ അറിയിച്ചിട്ടുണ്ട് .

പത്താം ക്ലാസ്സിലെ കുട്ടികൾക്ക് അർദ്ധവാർഷിക പരീക്ഷ

1327. [1338] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്താം ക്ലാസ്സിലെ കുട്ടികൾക്ക് ഇക്കൊല്ലത്തെ അർദ്ധ വാർഷിക പരീക്ഷ പുതിയ മാതൃകയിലാണോ നടത്താൻ ഉദ്ദേശിക്കുന്നത് ;

(ബി) ഇല്ലെങ്കിൽ അതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അല്ല .

(ബി) പുതിയ മാതൃകയിലുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതാൻ പരിശീലനം നൽകുന്നതിന് കൂടുതൽ സമയം ആവശ്യമാണെന്നുള്ളതുകൊണ്ട് ഇക്കൊല്ലത്തെ പരീക്ഷ പുതിയ മാതൃകയിൽ നടത്തുന്നില്ല .

LIBRARY ARCHIVES Kerala Legislative Assembly